# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2988 | 10.03.2017 ൽ മറുപടിക്ക്

### ഗ്രീൻബിൽഡിംഗ് കൺസപ്റ്റ് സ്വീകരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വിഭാഗം ഏറ്റെടുക്കുന്ന പുതിയ കെട്ടിട നിർമ്മാണങ്ങളുടെ രൂപകല്പനയിൽ ഗ്രീൻബിൽഡിംഗ് കൺസപ്റ്റ് സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്; | (എ) പൊതുമരാമത്ത് വകുപ്പിലെ വാസ്തു ശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന എല്ലാ കെട്ടിടങ്ങളും ഗ്രീൻബിൽഡിംഗ് കൺസെപ്റ്റ് പ്രകാരമാണ് തയ്യാറാക്കുന്നത്. ഹരിത നിർമ്മിതികളുടെ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗ്രഹയുടെ (GRIHA - Green Rating of Integrated Habitat Assessment) മൂന്ന് സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് രൂപ കല്പന തയ്യാറാക്കുന്നത്. അതനുസരിച്ച് കെട്ടിടങ്ങളിൽ പരമാവധി വെളിച്ചവും വായു സഞ്ചാരവും ഉറപ്പാക്കുവാനും ഊർജ്ജ ഉപഭോഗവും ജലത്തിന്റെ ഉപഭോഗവും കുറയ്ക്കുവാനും സാധിക്കും. വകുപ്പിലെ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിൽ പ്രാപ്തരാക്കുവാൻ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വർക്കുകൾക്ക് ക്വാളിറ്റി ആഡിറ്റിംഗ്ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സ്വതന്ത്ര ഏജൻസിയാണ് ഇത് ചെയ്യുന്നത്;<br>(സി) ക്വാളിററി ആഡിറ്റിംഗ് നടപ്പിലാക്കിയശേഷം മരാമത്ത് പണികളുടെ ഗുണനിലവാരത്തിൽ വന്ന പുരോഗതി | (ബി) & (സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പാക്കി വരുന്നു. പ്രവൃത്തികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ |

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | റീജിയണൽ ലാബുകളും, മറ്റു ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചു വരുന്നു. ഇതു മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ സ്വതന്ത്ര ഏജൻസിയെ ഉപയോഗിച്ച് ക്വാളിറ്റി ഓഡിറ്റിംഗ് നടത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**